## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 948 30.10.2019 -ലെ മറുപടി

**<u>ചീരക്കുഴി ഇറിഗേഷൻ പ്രോജക്ട് പുനർനിർമ്മിക്കാൻ നടപടി</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ.യു.ആർ. പ്രദീപ് | കെ.കൃഷ്ണൻകുട്ടി<br>ജലവിഭവ വകുപ്പമന്ത്രി |

| | | | |
| --- | --- | --- | --- |
| എ) | 2018 -ലെ പ്രളയത്തിൽ തകർന്ന തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഇറിഗേഷൻ പ്രോജക്ട് പുനർനിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | എ, ബി, & സി | പഴയന്നൂർ ഇറിഗേഷൻ പ്രോജക്ടിന്റെ (ചീരക്കുഴി ഇറിഗേഷൻ പ്രോജക്ട്) അടിയന്തിര അറ്റകുറ്റപണികൾ 52 ലക്ഷം രൂപ ചെലവഴിച്ച നടത്തിയിരുന്നു. കൂടാതെ എസ്.ഡി.ആർ.എഫ്-ൽ ഉൾപ്പെടുത്തിയുള്ള 443.25 ലക്ഷം രൂപയുടെ പണികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടത്തിലാണ്.<br><br>ഷട്ടറുകൾ പുനർനിർമ്മിക്കുന്നതിനും കനാലുകളുടെ അറ്റകുറ്റപണികൾക്കുമായുള്ള 420.5 ലക്ഷം രൂപയുടെ പ്രൊപ്പോസൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (R.K.I) യിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. 2020-21 ലെ വാർഷിക പദ്ധതിയിൽ ഇലക്ട്രിക്കൽ പണികൾക്കായി 25.5ലക്ഷം രൂപയും പുനരുദ്ധാരണ പ്രവൃത്തികൾക്ക് 600 ലക്ഷം രൂപയും അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം 2 പ്ലാനിംഗ് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. |
| ബി) | ചേലക്കര നിയോജക മണ്ഡലത്തിലെ പഴയന്നൂർ, കൊണ്ടാഴി, വള്ളത്തോൾ നഗർ, പാഞ്ഞാൾ, ദേശമംഗലം എന്നീ ഗ്രാമപഞ്ചായത്തുകളിലെ 2500ൽപരം ഏക്കർ സ്ഥലത്തെ നെൽകൃഷിക്ക് ജലസേചന സൗകര്യം ലഭ്യമാക്കുന്ന ഈ പദ്ധതി കഴിവതും വേഗത്തിൽ പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| സി) | എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ